**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4089** **18-07-2022 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ മേഖലയെ സഹായിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം മൂലം സ്തംഭനാവസ്ഥയിലായിരിക്കുന്ന നിർമ്മാണ മേഖലയെ സഹായിക്കാനും നിലവിലുള്ള 2018 ഡി.എസ്.ആർ. പരിഷ്കരിക്കാനും നടപടികൾ സ്വീകരിക്കുമോ; | (എ) | സ. ഉ (പി) നം. 21/2025/ധന തീയതി 26/02/2025 ഉത്തരവ് പ്രകാരം സംസ്ഥാനത്ത് 01/04/2025 തീയതി മുതൽ ഡി.എസ്.ആർ 2018 പരിഷ്കരിച്ച് കൊണ്ട് ഡി.എസ്.ആർ 2021 നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കരാറുകാർക്ക് ജി.എസ്.ടി. കുടിശ്ശിക അടയ്ക്കുന്നതിന് സാവകാശവും ആയത് തവണകളായി അടയ്ക്കാനുള്ള അവസരവും നൽകാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | കരാറുകാർക്ക് ജി.എസ്.ടി. കുടിശ്ശിക അടയ്ക്കുന്നതിന് സാവകാശവും ആയത് തവണകളായി അടയ്ക്കാനുള്ള അവസരവും നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (സി) | സർക്കാർ പ്രവൃത്തികൾ ഏറ്റെടുക്കുന്ന ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് ടെണ്ടറിൽ പങ്കെടുക്കുമ്പോൾ പത്ത് ശതമാനം പ്രിവിലേജ് നൽകുന്നത് ഒഴിവാക്കി സൊസൈറ്റിക്കും കരാറുകാരനും ഒരുപോലെ അവസരം നൽകി മത്സരാധിഷ്ഠിതമായി ടെണ്ടർ നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | സ. ഉ (എം.എസ്) നം. 6/2022/പൊ.മ.വ തീയതി 19/02/2022 ഉത്തരവിലെ ഖണ്ഡിക 2(1) പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | നിർമ്മാണ മേഖലയിലെ റോഡു പണിയുമായി ബന്ധപ്പെട്ട് ടാറിന്റെ വില കുറയുമ്പോഴോ കൂടുമ്പോഴോ ഉള്ള വില വ്യത്യാസം കണക്കിലെടുക്കാതെ കരാറുകാരൻ ക്വാട്ട് ചെയ്യുന്ന തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരവും സ.ഉ(പി) 63/2023/ധന തീയതി 26/06/2023 ഉത്തരവ് പ്രകാരവും റോഡു നിർമ്മാണത്തിനുള്ള ടാറിന്റെ വില വ്യതിയാനം അനുസരിച്ച് തുക അനുവദിക്കുന്നത് 01/11/2018 തീയതിയിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾക്ക് മാത്രമാണ്. |
| (ഇ) | സർക്കാർ പ്രവൃത്തികൾ എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള മുദ്രപത്രങ്ങളുടെ വില എഗ്രിമെന്റ് തുകയുടെ 0.1 ശതമാനമോ പരമാവധി ഒരു ലക്ഷം രൂപയോ ആയി വർദ്ധിപ്പിച്ചിട്ടുള്ളത് പുനഃപരിശോധിക്കാൻ നടപടി സ്വീകിരക്കുമോ; വിശദമാക്കാമോ? | (ഇ) | സർക്കാർ പ്രവൃത്തികൾ എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള മുദ്രപത്രങ്ങളുടെ വില എഗ്രിമെന്റ് തുകയുടെ 0.1 ശതമാനമോ പരമാവധി ഒരു ലക്ഷം രൂപയോ ആയി വർദ്ധിപ്പിച്ചിട്ടുള്ളത് പുന:പരിശോധിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ